## പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1996 — 17.03.2015 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും കൃഷിക്കും നിരന്തരം നാശനഷ്ടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇപ്രകാരം നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിന് ഏതെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; | (ബി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി താഴെ പറയുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. വയനാട്, നിലമ്പൂർ, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള |

സെറ്റിൽമെന്റുകളിൽ നിന്നാംകുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

(സി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായതിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുക നഷ്ടപരിഹാരയിനത്തിൽ ചെലവായിട്ടുണ്ട് ;

(സി) വന്യജീവി ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5,87,52,332/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ഡി) വന്യജീവി ആക്രമണത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്ര തുക ചെലവാക്കി;

(ഡി) വന്യജീവി ആക്രമണത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ 14 കോടി രൂപയിൽ 7.25 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) വന്യജീവി ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്ഥിരം സംവിധാനം ശാസ്ത്രീയമായി ഒരുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോയെന്ന് വിശദമാക്കുമോ?

(ഇ) 2014-16 കാലഘട്ടത്തിൽ 692 കി.മീറ്റർ വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, റെയിൽ പാളങ്ങളുപയോഗിച്ചുള്ള ഉരുക്കു വേലികൾ, സൗരോർജ്ജ വേലികൾ , ജൈവ വേലികൾ എന്നിവ ഓരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് 259.81 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ബൃഹദ് പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.